"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ഓഫ് കേരള സംഘടിപ്പിക്കുന്ന ദ്വിദിന ശില്പശാല - നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2095/2025/LSGD തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:- 1. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ഓഫ് കേരള ചെയർമാന്റെ 08.07.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ഓഫ് കേരള നഗരസഭാ അദ്ധ്യക്ഷർക്കായി ദ്വിദിന ശില്പശാല 2025 ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുന്നെന്നും പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി 25000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് നഗരസഭകൾക്ക് അനുമതി നൽകണമെന്നും ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ഓഫ് കേരള ചെയർമാൻ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ഓഫ് കേരള 2025 ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ശില്പശാലയുടെ ചെലവിലേക്കായി നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി 25000/- (ഇരുപത്തി അഞ്ചായിരം രൂപ മാത്രം) വീതം ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ഓഫ് കേരള.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 26-08-2025 14:25:26

പകർപ്പ് :ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.